**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2782** **03-08-2021 - ൽ മറുപടിയ്ക്ക്**

**വെയർഹൗസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാർ പുതിയതായി വെയർഹൗസുകൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ ? | (എ) | ഉണ്ട്. മുൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ്, വെയർഹൗസ് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് (WIF) പദ്ധതിയിൽ ആരംഭിച്ച ഗോഡൗണുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു: 1. എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ വെയർഹൗസിൽ പുതിയ ഗോഡൗണിന്റെ നിർമ്മാണത്തിന് 100 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി ഗോഡൗണിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 2. പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ വെയർഹൗസിൽ മൾട്ടിസ്റ്റോറീഡ് വെയർഹൗസ് കം അഗ്രി കോംപ്ലക്സ് നിർമ്മാണത്തിന് 380 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി വെയർഹൗസിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 3. ആലപ്പുഴ ജില്ലയിലെ മാവേലിക്കര വെയർഹൗസിൽ പുതിയ ഗോഡൗണിന്റെ നിർമ്മാണത്തിന് 180 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി ഗോഡൗണിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 4. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് വെയർഹൗസിൽ പുതിയ ഗോഡൗണിന്റെ നിർമ്മാണത്തിന് 363 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി ഗോഡൗണിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 5. കണ്ണൂർ ജില്ലയിലെ തലശ്ശേരി (തലായ്) വെയർഹൗസിൽ പുതിയ ഗോഡൗണിന്റെ നിർമ്മാണത്തിന് 167.5 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി ഗോഡൗണിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 6. കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിലുള്ള പുതിയ വെയർഹൗസ് ഗോഡൗണിന്റെ നിർമ്മാണത്തിന് 240 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി ഗോഡൗണിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 7. പാലക്കാട് ജില്ലയിലെ മുതലമട വെയർഹൗസിൽ മൾട്ടി സ്റ്റോറീഡ് വെയർഹൗസ് നിർമ്മിക്കുന്നതിന് 750 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി വെയർഹൗസിന്റെ നിർമ്മാണം സാങ്കേതിക കാരണത്താൽ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. 8. |

| | | | |
|---|---|---|---|
| | | | കൊല്ലം ജില്ലയിലെ പുനലൂർ വെയർ ഹൗസിൽ പുതിയ മൾട്ടി സ്റ്റോറീഡ് വെയർഹൗസ് നിർമ്മിക്കുന്നതിന് 325 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി വെയർഹൗസിന്റെ നിർമ്മാണം സാങ്കേതിക കാരണത്താൽ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ